**Sathya Sarani**
P.B. NO. 23
MANJERI - 676 121

# നമ്മുടെ ഇസ്ലാം-7

സത്യസരണി

**ഈ** പ്രപഞ്ചത്തിന് ഒരു സൃഷ്ടാവും സംരക്ഷകനുമുണ്ടോ? മരണാനന്തരം ഒരു ജീവിതമുണ്ടോ? നമ്മുടെ പ്രവർത്തികൾക്ക് നാമാരോടെങ്കിലും കണക്കുപറയേണ്ടതുണ്ടോ?

ഈ ചോദ്യങ്ങൾ നമുക്ക് അവഗണിക്കാവുന്നവയല്ല. മറ്റു നൂറായിരം കാര്യങ്ങളെക്കുറിച്ച് ചിന്തിക്കുകയും ചർച്ചചെയ്യുകയും ചെയ്യുന്ന നാം നമ്മുടെ ജീവിതത്തെ ബാധിക്കുന്ന പരമപ്രധാനമായ ഈ ചോദ്യങ്ങളെക്കുറിച്ച് ചിന്തിക്കാതിരിക്കുന്നത് എങ്ങിനെ ശരിയാവും?

നമ്മെ സംബന്ധിക്കുന്ന ഏറ്റവും പ്രധാനകാര്യം,ഏറ്റവും ഉറപ്പുള്ള കാര്യം നാം മരിക്കും എന്നതുതന്നെയാണ്. ഓരോ നിമിഷവും നാം മരണത്തോടടുത്തു കൊണ്ടിരിക്കയാണ്. മരണത്തെ നാം കണ്ടു മുട്ടും എന്നതു തീർച്ച. ചിലപ്പോൾ ഇന്ന്, അല്ലെങ്കിൽ നാളെ, അല്ലെങ്കിൽ മറ്റൊരു ദിവസം. സമയത്തിൻെറ വ്യത്യാസം മാത്രമെയുള്ളു.

അപ്പോഴിതാ, ദൈവത്തിൻെറ ദൂതൻ (മുഹമ്മദ് നബി(സ)) നമ്മോട് പറയുന്നു. മരണത്തോടെ നമ്മുടെ ജീവിതം അവസാനിക്കുകയില്ല. യഥാർത്ഥ ജീവിതം മരണത്തോടെ തുടങ്ങുകയാണ് ചെയ്യുന്നത്. ദൈവവചനമായ ഖുർആൻ നമ്മെ തെര്യപ്പെടുത്തുന്നു.

"പണത്തോടുള്ള ആസക്തി നിങ്ങളെ വെളിവില്ലാതാക്കിയിരിക്കുന്നു. എത്രത്തോളമെത്തും നിങ്ങളുടെ ഈ വെളിവില്ലായ്മ കബറിടം കണ്ടെത്തുവോളം! വേണ്ട ഭവിഷത്ത് നിങ്ങൾ അറിയാൻ പോവുകയാണ്. അതെ അറിയാൻ തന്നെ പോവുകയാണ്.! ശരിക്കും നിങ്ങൾ ഇത് അറിഞ്ഞിരിന്നുവെങ്കിൽ നരകം നിങ്ങൾക്ക് മനസ്സിൽ കാണാമായിരുന്നു. ഇനി നിങ്ങൾ അതിനെ കണ്ണുകൊണ്ട് കാണും. എല്ലാ അനുഗ്രഹങ്ങളെ കുറിച്ചും അന്ന് നിങ്ങളോട് ചോദിക്കപ്പെടുകയും ചെയും.

(വി.ഖു. 102:1-8)

ഈ കാര്യം ശരിയോ തെറ്റോ എന്നന്വേഷിക്കാൻ തീർച്ചയായും നാം ബാധ്യസ്ഥരാണ്

അല്ലാഹു നമുക്ക് നൽകിയ അനുഗ്രഹങ്ങളെ കുറിച്ച് ഓർത്തു നോക്കുക. അമ്മയുടെ ഗർഭാശയത്തിൽ നിന്ന് പുറത്ത്





വന്നപ്പോൾ എല്ലാം സംവിധാനിച്ച ഒരു പ്രപഞ്ചമാണ് നാം കണ്ടത്, നമുക്ക് കേൾക്കാൻ കാതുകൾ, കാണാൻ കണ്ണുകൾ, അമ്മയുടെ മാറിൽ മുലപ്പാൽ രൂപത്തിൽ ഒരുക്കിവച്ച ആഹാരം, ശ്വസിക്കാൻ വായു, കുടിക്കാൻ വെള്ളം, താലോലിക്കാൻ അമ്മയുടെ മാർദ്ദവമുള്ള കൈകൾ, അച്ഛൻെറ പരിലാളന....അങ്ങനെ ഏതെല്ലാം, എന്തെല്ലാം അനുഗ്രഹങ്ങൾ! അല്ലാഹു മനുഷ്യനോട് ചോദിക്കുന്നു 'അവന് നാം രണ്ടു കണ്ണുകളുണ്ടാക്കിക്കൊടുത്തില്ലേ? ഒരു നാവും രണ്ട് ചുണ്ടുകളും (ഖു:90:8,9) അല്ലാഹു പറയുന്നു. "നിർജീവമായ ഭൂമി അവർക്കൊരു ദൃഷ്ടാന്തമെത്രെ. നാം അതിനെ സജീവമാക്കുകയും അതിൽ നിന്നും ധാന്യങ്ങളെ ഉല്പാദിപ്പിക്കുകയും ചെയ്തു. അവർ അതിൽ നിന്നാണ് ഭക്ഷിക്കുന്നത്. നാം അതിൽ ഈന്തപ്പനയുടെയും മുന്തിരിയുടെയും തോട്ടങ്ങൾ ഉണ്ടാക്കുകയും അതിനിടയിൽ നീരുറവകൾ പ്രവഹിപ്പിക്കുകയും ചെയ്തു. അവർക്കതിൻെറ ഫലം ഭക്ഷിക്കുവാൻ വേണ്ടി; അവയാകട്ടെ അവരുടെ സ്വകരങ്ങളാൽ സൃഷടിച്ചതുമല്ല എന്നിട്ടും അവർ നന്ദികാണിക്കാത്തതെന്ത്? (ഖു:36:33,34,35)

അല്ലയോ മനുഷ്യരേ ,അല്ലാഹു നിങ്ങളിൽ ചൊരിഞ്ഞ ഔദാര്യങ്ങൾ ഓർത്തുനോക്കുവിൻ. അല്ലാഹുവല്ലാതെ വല്ല സൃഷ്ടാവുമുണ്ടോ, മണ്ണിൽ നിന്നും വിണ്ണിൽ നിന്നും നിങ്ങൾക്ക് അന്നം തരുന്നവനായി?- അവനല്ലാതെ മറ്റൊരു ദൈവമില്ലതന്നെ നിങ്ങളെങ്ങനെയാണ് വഞ്ചിതരായിക്കൊണ്ടിരിക്കുന്നത് (ഖു:35:3)

പച്ചമരത്തിൽ നിന്ന് തീയ്യുണ്ടാക്കി തന്നത് അവനാണ് പിന്നീട് നിങ്ങളതാണ് കത്തിച്ചുകൊണ്ടിരിക്കുന്നത് (ഖു:36:80)

"അല്ലാഹു നിങ്ങളെ മണ്ണിൽ നിന്നു സൃഷ്ടിച്ചു. പിന്നെ രേതസ്കണത്തിൽ നിന്ന്. പിന്നെ നിങ്ങളെ ഇണകളാക്കി. ഏതൊരു സ്ത്രീയും ഗർഭം ധരിക്കുന്നില്ല പ്രസവിക്കുന്നുമില്ല: അതൊക്കെയും അവൻെറ ജ്ഞാനത്തിലുണ്ടായിട്ടല്ലാതെ വൃദ്ധൻമാർ-ആരും ദീർഘായുസ്സിലെത്തുന്നില്ല. ആരുടെയും ആയുസ്സിൽ അല്പവും കുറയുന്നുമില്ല : അതൊക്കെയും ഒരു ഗ്രന്ഥത്തിൽ രേഖപ്പെട്ടിട്ടല്ലാതെ അല്ലാഹുവിന് ഇത് ബഹു ലളിതമായ കാര്യമാകുന്നു." ജലത്തിൻെറ രണ്ടു സംഭരണികൾ ഒരുപോലെയല്ല. ഒന്ന് ശുദ്ധവും ദാഹം ശമിപ്പിക്കുന്നതും സുഗമമായി കുടിക്കാവുന്നതുമാകുന്നു. മറ്റേതോ, തൊണ്ട കാറുന്ന

വർപ്പുറ്റതും, പക്ഷേ, രണ്ടിൽനിന്നും നിങ്ങൾ പുതുമാംസം സമ്പാദിക്കുന്നുണ്ട്. അണിയാനുള്ള അലങ്കാര വസ്തുക്കൾ പുറത്തെടുക്കുകയും ചെയ്യുന്നു. അതിൻെറ മാറു പിളർന്ന്കൊണ്ട് കപ്പലുകൾ സഞ്ചരിക്കുന്നത് നീ കാണുന്നു. അത് വഴി അല്ലാഹുവിൻെറ അനുഗ്രഹം തേടുന്നതിനും അവനോട് നന്ദിയുള്ളവരാകുന്നതിനും. അവൻ രാവിനെ പകലിനോടും പകലിനെ രാവിനോടും കോർത്തുകൊണ്ടുവരുന്നു. സൂര്യചന്ദ്രൻമാരെ അവൻ അധീനപ്പെടുത്തി വെച്ചിരിക്കുന്നു. ഇതൊക്കെയും ഒരു നിശ്ചിതസമയം വരെ ചലിച്ചുകൊണ്ടിരിക്കും (ഇതെല്ലാം ചെയ്തുകൊണ്ടിരിക്കുന്ന) ആ അല്ലാഹുവാകുന്നു നിങ്ങളുടെ നാഥൻ. ആധിപത്യവും അവൻേറതുമാത്രമാകുന്നു. അവനെവെടിഞ്ഞ് നിങ്ങൾ വിളിച്ചു പ്രാർത്ഥിക്കുന്നവരാരും ഒരു ഈന്തപ്പഴക്കുരുവിൻെറ പാടയുടെ പോലും ഉടമസ്ഥരല്ല. നിങ്ങൾ അവരെ വിളിച്ചാൽ അവർക്കത് കേൾക്കാനേ കഴിയുന്നില്ല. ഇനി കേട്ടാൽ തന്നെ നിങ്ങൾക്ക് ഉത്തരം ചെയ്യാൻ അവർക്ക് സാധ്യമല്ല. പുനരുദ്ധാന നാളിലോ, നിങ്ങളുടെ ഈ പങ്കുചേർക്കലിനെ അവർ നിഷേധിക്കും. സത്യാവസ്ഥയെക്കുറച്ച് ഇത്രയും ശരിയായ വൃത്താന്തം നിങ്ങളോട് പറയാൻ ഒരു സൂക്ഷ്മജ്ഞനല്ലാതെ മറ്റാർക്കും സാധിക്കുകയില്ല. (ഖു:35:11,12,13,14)

യാതൊരു വിട്ടു വീഴ്ചയും കലർപ്പുമില്ലാത്ത ഏകദൈവ വിശ്വാസമാണ് ഇസ്ലാമിൻെറകാതൽ "ലാഇലാഹ ഇല്ലല്ലാ മുഹമ്മദുറസൂലുല്ലാ "(ദൈവവമല്ലാതെ ആരാധിക്കപ്പെടാനർഹനായി ആരുമില്ല. മുഹമ്മദ് അല്ലാഹുവിൻെറ ദൂതനാണ്) എന്നാണ് ഇസ്ലാമിൻെറ സാക്ഷ്യവാക്യം. ഏതെങ്കിലുമൊരു ദേവതയേയോ, മൂർത്തിയേയോ അവതരിപ്പിച്ച് ഇതിൽ നിങ്ങൾ വിശ്വസിക്കണം, ഇതിനെ ആരാധിക്കണം എന്ന് ഇസ്ലാം പറയുന്നില്ല. അല്ലാഹു എന്നാൽ ഒരു പ്രത്യേക ദൈവമല്ല. ദൈവം, The Godഎന്നാണ് ആ പദത്തിനർത്ഥം. ആകാശഭൂമികളെയും നമ്മെയും സൃഷ്ടിച്ചതാരോ അവ്ൻ മാത്രമാണ് ദൈവം. അവനെ മാത്രമേ ആരാധിക്കാവൂ. അവൻെറ അധികാരവകാശങ്ങളിൽ ആർക്കും പങ്കില്ല, പങ്കുചേർക്കുകയുമരുത്. അതു ദൈവം പൊറുത്തുതരികയില്ല. എന്ന് ദൈവം ഖുർആനിലൂടെ (ദൈവവചനങ്ങളിലൂടെ) മാനവ കുലത്തെ ഉണർത്തുന്നു. "അനുസരണമുള്ളവനും ഋജുമാനസനുമായിക്കൊണ്ട് ആകാശ ഭൂമികളെ സൃഷടിച്ച അല്ലാഹുവിങ്കലേക്ക് ഞാനിതാ മുഖം തിരിച്ചി





രിക്കുന്നു. ഞാൻ ബഹുദൈവാരാധകരിൽ പെട്ടവനല്ല. നിശ്ചയം എൻെറ നമസ്കാരവും എൻെറ ത്യാഗവും, എൻെറ ജീവിതവു; എൻെറ മരണവുമെല്ലാം സർവ്വലോകനാഥനായ അല്ലാഹുവനാകുന്നു. അവനുയാതൊരു പങ്കുകാരുമില്ല. എന്നോട് ഇതാണ് കല്പിച്ചിരിക്കുന്നത്. ഞാൻ മുസ്ലികളിൽ (ദൈവത്തെ അനുസരിക്കുന്നവരിൽ) പെട്ടവനാണ്" എന്ന് നിത്യവും അഞ്ചുപ്രാവശ്യം നമസ്കാര വേളകളിൽ പ്രതിജ്ഞയെടുക്കാൻ മുസ്ലീം നിർദ്ദേശിക്കപ്പെട്ടിരിക്കുന്നു. വികലമായ ദൈവ സങ്കൽപങ്ങളെ തിരുത്തിക്കൊണ്ട് മുഹമ്മദ് നബിയോട് ഇങ്ങനെ പ്രഖ്യാപിക്കാൻ ദൈവം ആജ്ഞാപിച്ചു. ഓ നബീ! മനുഷ്യരോടു പറയുക, അവൻ, അല്ലാഹു ഏകനാണ്. സർവ്വ ചരാചരങ്ങൾക്കും അഭയം നൽകുന്നവനും ആരുടെയും ആശ്രയം ആവശ്യമില്ലാത്തവനുമാണവൻ. അവനു സന്താനം ജനിച്ചിട്ടില്ല, അവൻ ആരുടെയും സന്താനവുമല്ല (ചുരുക്കത്തിൽ)അവനു തുല്യമായി ആരുംതന്നെ ഇല്ല. (ഖു:112:1-4)

അല്ലാഹു ചോദിക്കുന്നു. ആകാശങ്ങളെയും ഭൂമിയേയും സൃഷ്ടിക്കുകയും നിങ്ങൾക്ക് ആകാശത്തുനിന്ന് വെള്ളം ചൊരിഞ്ഞു തരികയും ചെയ്തവനാരാണ് ? എന്നിട്ട് അത് (വെള്ളം) മൂലം കൗതുകമുള്ള തോട്ടങ്ങൾ നാം മുളപ്പിച്ചു. അവയിലെ വൃക്ഷങ്ങൾ മുളപ്പിക്കുവാൻ നിങ്ങൾക്ക് കഴിയുമായിരുന്നില്ല. അല്ലാഹുവോടൊപ്പം മറ്റൊരാരാധ്യനോ? അല്ലാ, അവർ വ്യതിചലിച്ചു പോകുന്ന ഒരു ജനതയാകുന്നു (ഖു;27;60) ഭൂമിയെ നിവാസ യോഗ്യമാക്കുകയും അതിനിടയിൽ നദികളുണ്ടാക്കുകയും രണ്ടു തരം ജലാശയങ്ങൾക്കിടയിൽ ഒരു മറ ഉണ്ടാക്കുകയും ചെയ്തവനാര്? (അതോ അവരുടെ ദൈവങ്ങളോ?) അല്ലാഹുവോടൊപ്പം മറ്റൊരാരാധ്യനോ? അല്ല, അവരിൽ അധിക പേരും അറിയുന്നില്ല. കഷ്ടപ്പെട്ടവൻ വിളിച്ചു പ്രാർത്ഥിച്ചാൽ അവനു ഉത്തരം നൽകുകയും വിഷമം നീക്കിക്കൊടുക്കുകയും നിങ്ങളെ ഭൂമിയിൽ പ്രതിനിധികളാക്കുകയും ചെയ്തവനാരാണ്? അല്ലാഹുവോടോപ്പം മറ്റൊരാരാധ്യനോ, അല്പം മാത്രമേ നിങ്ങൾ ചിന്തിക്കുന്നുള്ളൂ" (ഖു.27,61-62)"കരയിലെയും കടലിലെയും അന്ധകാരങ്ങളിൽ നിങ്ങൾക്ക് വഴി കാണിക്കുകയും തൻെറ കാരുണ്യത്തിനു മുമ്പേ സന്തോഷ സൂചകമായി കാറ്റുകൾ അയക്കുകയും ചെയ്യുന്നവനാരാണ്? അല്ലാഹുവോടൊപ്പം മറ്റൊരാരാധ്യനോ? അവർ പങ്കു ചേർക്കു

ന്നതിൽ നിന്നും അല്ലാഹു അതീതനായിരിക്കുന്നു. സൃഷ്ടി ആരംഭിക്കുകയും പിന്നീട് അതാവർത്തിക്കുകയും, ആകാശത്തു നിന്നും ഭൂമിയിൽനിന്നും നിങ്ങൾക്ക് ഉപജീവനം നല്കുകയും ചെയ്യുന്നതാര്?(അതല്ല അവർ പങ്കുചേർക്കുന്നവയോ?) അല്ലാഹുവോടൊപ്പം മറ്റൊരാരാധ്യനോ? പറയൂ! നിങ്ങൾ സത്യവാൻമാരാണെങ്കിൽ, നിങ്ങൾക്കുളള തെളിവ് കൊണ്ടുവരിക"(ഖു.27:64)

അല്ലാഹു കാരുണ്യവാനാണ്, കരുണാനിധിയാണ് എന്ന് ഖുർആൻ ആവർത്തിച്ച് പറയുന്നു. ഒരിക്കൽ മുഹമ്മദ് നബി (സ)യുടെ ഒരു സഹചാരി ഒരു കിളിക്കുഞ്ഞുമായി വന്നു. ആ കുഞ്ഞിൻെറ തള്ളക്കിളി കരഞ്ഞുകൊണ്ട് ആ അനുചരൻെറ തലക്ക് മുകളിൽ വട്ടമിട്ട് പറന്നു കൊണ്ടിരുന്നു. നബി(സ) ആ അനുചരനോട് ആ കുഞ്ഞിനെ തള്ളക്ക് വിട്ടുകൊടുക്കാൻ പറഞ്ഞു. എന്നിട്ട് ആ തള്ള പക്ഷിക്ക് തൻെറ കുഞ്ഞിനോടുള്ള സ്നേഹം ചൂണ്ടിക്കാട്ടി കൊണ്ട് ലോകത്ത് അമ്മമാർക്ക് തങ്ങളുടെ മക്കളോടുള്ള സ്നേഹം അനുസ്മരിപ്പിച്ചുകൊണ്ട് നബി (സ) പറഞ്ഞു. ലോകത്തുള്ള എല്ലാ അമ്മമാർക്കും തങ്ങളുടെ കുട്ടികളോടുള്ളസ്നേഹം കണക്കുട്ടിയാൽ അല്ലാഹുവിന് മനുഷ്യരോടുള്ള സ്നേഹത്തിൻെറ നൂറിൽ ഒരു അംശമേ വരൂ. നാം ദൈവത്തോട് ഒരു ചാൺ അടുത്താൽ ദൈവം നമ്മോട് ഒരു മുഴം അടുക്കുമെന്നും നാം ദൈവത്തിനടുത്തേക്ക് നടന്നു ചെന്നാൽ ദൈവം നമ്മുടെ അടുത്തേക്ക് ഓടി വരുമെന്നും നാം നമ്മുടെ തെറ്റുകൾ ഹൃദയംഗമായി പ്രാർത്ഥിച്ചാൽ അവൻ പൊറുത്തുതരുമെന്നും നബി(സ) നമ്മെ പഠിപ്പിച്ചു.

അല്ലാഹുവിനോട് മാത്രമേ നാം പ്രാർത്ഥിക്കാൻ പാടുള്ളൂ. ദൈവത്തിനുള്ള അധികാരങ്ങളോ, സ്ഥാനമോ, അവകാശങ്ങളോ നാം മറ്റൊന്നിനും വകവെച്ചു കൊടുക്കരുത്. അങ്ങിനെ ചെയ്യുന്നതിന്നാണ് ശിർക്ക് അഥവാ ബഹു ദൈവത്വം എന്നു പറയുന്നത്. അത് മഹാപാപമാണ്. മറ്റു തെറ്റുകൾ, അല്ലാഹു ഉദ്ദേശിക്കുന്നവർക്ക് പൊറുത്തുകൊടുത്തേക്കാം. എന്നാൽ ദൈവത്തിൻെറ അധികാരാവകാശങ്ങളിൽ പങ്കുചേർക്കുന്നതിനെ അല്ലാഹു പൊറുക്കുകയില്ലെന്ന് അല്ലാഹു നമ്മെ അറിയിച്ചിരിക്കുന്നു. നമ്മെപ്പോലെ ജനിച്ചു മരിക്കുന്ന, ഭക്ഷണം കഴിക്കുന്ന, കക്കൂസിൽ പോകുന്ന മനുഷ്യനെ എങ്ങിനെ ദൈവമായി കാണാൻ കഴിയും? നാം നമ്മുടെ കൈകൊണ്ട് നിർമ്മിക്കുന്ന നമുക്ക് ഉപകാ





രമോ ഉപദ്രവമോ ചെയ്യാൻ കഴിയാത്ത നാം പറയുന്നത് കേൾക്കാൻ പോലും കഴിവില്ലാത്ത വിഗ്രഹങ്ങളെ ബുദ്ധിയും വിവേകവുമുള്ള മനുഷ്യർക്ക് എങ്ങിനെ ആരാധിക്കാൻ കഴിയും?

അല്ലാഹു പറയുന്നു.

"എൻെറ ദാസൻമാർ എന്നെക്കുറിച്ച് നിന്നോടു ചോദിച്ചാൽ (പറയുക) ഞാൻ അടുത്തുതന്നെയുണ്ട്. എന്നോട് പ്രാർത്ഥിച്ചാൽ പ്രാർത്ഥിക്കുന്നവൻെറ വിളികേട്ട്ഞാൻ ഉത്തരം നൽകും. ആകയാൽ അവർ എന്നോട് പ്രാർത്ഥിക്കട്ടെ. എന്നിൽ വിശ്വസിക്കുകയും ചെയ്യട്ടെ, അവർ നേർമാർഗം പ്രാപിച്ചേക്കാം" (ഖു.2.186)

നബി(സ)പറഞ്ഞു. നിങ്ങളിലൊരാൾ തൻെറ ഏതൊരാവശ്യവും തൻെറ നാഥനോടായിരിക്കട്ടെ ചോദിക്കുന്നത്.

ഇതെല്ലാം മുസ്ലിംകൾക്കുമാത്രം ബാധകമായ കാര്യങ്ങളല്ല. ഖുർആൻെറ അഭിസംബോധന "മനുഷ്യരേ" എന്നാണ്. ഖുർആൻ മുഴുവൻ മനുഷ്യർക്കുമുള്ള ദൈവത്തിൻെറ അനുഗ്രഹമാണ്, വായുവും, വെള്ളവും വെളിച്ചവും പോലെ.

പ്രപഞ്ചത്തെ ദൈവം ഒരു ലീലയായി, ഒരു കളിയായി സൃഷ്ടിച്ചതല്ല. പ്രപഞ്ചത്തെയും, മനുഷ്യനെയും സൃഷ്ടിച്ചതിൽ വ്യക്തമായ ഉദ്ദേശമുണ്ട് ദൈവത്തിന്. "എനിക്ക് കീഴ്‌വഴങ്ങിക്കൊണ്ട് ജീവിക്കാനല്ലാതെ മനുഷ്യനെ നാം സൃഷ്ടിച്ചിട്ടില്ല". എന്നു ദൈവം ഖുർആനിലൂടെ മനുഷ്യരെ അറിയിച്ചു. ആദ്യത്തെ മനുഷ്യനായ ആദം മുതൽ ലക്ഷക്കണക്കിന് പ്രവാചകൻമാരിലൂടെ വിവിധ കാലഘട്ടങ്ങളിൽ, വിവിധ ദേശങ്ങളിൽ, മനുഷ്യൻ എങ്ങിനെ ജീവിക്കണമെന്ന് മാർഗ്ഗദർശനം നൽകിക്കൊണ്ടിരുന്നു. മനുഷ്യർക്കു വേദങ്ങൾ നൽകി. എന്നാൽ കാലം മുന്നോട്ടു നീങ്ങിയപ്പോൾ പ്രവാചകൻമാരുടെ അനുയായികൾ പ്രവാചകൻമാരിൽ ചിലരെ ദൈവത്തിൻെറ അവതാരമായി കരുതി അവരെ ആരാധിക്കാൻ തുടങ്ങി. ക്രിസ്ത്യാനികൾ യേശുവിനെ ദൈവത്തിൻെറ പുത്രനായി കണക്കാക്കി. ചിലർ അദ്ദേഹത്തെ ദൈവമാണെന്നുതന്നെ കരുതി. ഇങ്ങിനെ ദൈവം തന്നെ മനുഷ്യനായി അവതരിക്കുന്നു, ദൈവം പുത്രനെ അയക്കുന്നു, ദൈവത്തിനു പുത്രിമാർ അഥവാ ദേവിമാരുണ്ട് തുടങ്ങിയ വിശ്വാസങ്ങൾ ദൈവസങ്കൽപ്പത്തെ വികലമാക്കി. അതു

പോലെ, ദൈവം മായയാണ്, വെറുമൊരു ശക്തിയാണ്, പ്രപഞ്ച വസ്തുക്കളിലെല്ലാം ദൈവമോ ദൈവത്തിൻെറ അംശമോ കുടി കൊള്ളുന്നു എന്നീ ആശയങ്ങളും ദൈവസങ്കൽപ്പത്തെ അയ ഥാർത്ഥവും വികലവുമായാണ് അവതരിപ്പിക്കുന്നത്. ഈ പശ്ചാ തലത്തിലാണ് ദൈവം അവൻെറ വചനമായ ഖുർആനിലൂടെ അവൻ ഏകനാണെന്നും അവനു തുല്യമായി ആരുംതന്നെ ഇല്ലെന്നും അവൻ സർവ്വാധിപതിയാണെന്നും ജാതനോ ജന യിതാവോ അല്ലെന്നും അവൻ ഒരുകാര്യം ഉണ്ടാവണം എന്നുദ്ദേ ശിച്ചാൽ ഉണ്ടാവുക എന്നു പറയുമ്പോൾ അതുണ്ടായിക്കഴിയും എന്നെല്ലാം അറിയിച്ചത്. ദൈവം സ്രഷ്ടാവും ബാക്കിയുള്ള തെല്ലാം സൃഷ്ടികളുമാണ്. സൃഷ്ടികൾക്കൊന്നും തന്നെ ദൈവ ത്തിൻെറ അധികാരവാകാശങ്ങളിൽ പങ്കില്ല.

ചിലർ നമ്മെപ്പോലെയുള്ള മനുഷ്യരെ ആരാധിക്കുന്നു, ചിലർ ചെകുത്താൻമാരെ ആരാധിക്കുന്നു, ചിലർ ഗോത്രതലവൻമാരെ ആരാധിക്കുന്നു, ചിലർ സർപ്പങ്ങളെ ആരാധിക്കുന്നു, ചിലർ എലിയെ ആരാധിക്കുന്നു, സിനിമാനടി ഖുഷ്ബുവിന് തമിഴ്നാ ട്ടിൽ അമ്പലമുണ്ടത്രെ! വടക്കേ ഇന്ത്യയിൽ ഇന്ദിരഗാന്ധിയെ പ്രതിഷ്ഠിച്ച അമ്പലമുണ്ടത്രെ! വടക്കൻ മലബാറിൽ ഒരുപാട് തെയ്യങ്ങളുണ്ട്. ദൈവം എന്ന പദം ലോപിച്ചാണ് തെയ്യം എന്നാ യത്. വീരൻമാരെ ദൈവമായിക്കണ്ട് ആരാധിക്കുകയാണ്. മുപ്പ ത്തിമുക്കോടി ദൈവങ്ങളുണ്ടെന്നാണ് നമ്മുടെ നാട്ടുകാർ പറയാറ്. ഓരോ തറവാടിനും ഓരോ ഗ്രാമത്തിനും ഓരോ ദൈവം! ഇവരെല്ലാം കൂടി ദൈവമാകുകയില്ലല്ലോ. എല്ലാവരും കൂടി ഭരിച്ചാൽ ലോക ഭരണം തന്നെ താറുമാറാവില്ലെ?

ദൈവം കാരുണ്യവാനാണ്, കരുണാനിധിയാണ് അവനോടു പ്രാർത്ഥിക്കാൻ ഒരു ഇടയാളൻെറയോ പുരോഹിതൻേറയോ ആവശ്യമില്ല എന്നു ഖുർആൻ പഠിപ്പിക്കുന്നു.

ദൈവം ഏകനാണ്. അവൻ പിതാവും പുത്രനുമല്ല. അവനു തുല്ല്യനായി ആരുംതന്നെ ഇല്ല. അവൻെറ അധികാരങ്ങളോ അവകാശങ്ങളോ മറ്റാർക്കും വകവെച്ചുകൊടുക്കരുത്. അത് അക്ര മമാണ്, മഹാപാപമാണ്. അവൻ സ്രഷ്ടാവാണ് മറ്റുള്ളവരെല്ലാം സൃഷ്ടികൾ. സൃഷ്ടികൾക്ക് ഒരിക്കലും സ്രഷ്ടാവിൻെറ സ്ഥാനം നൽകാൻ പാടില്ല. ദൈവത്തോടുള്ള ധിക്കാരമാണെന്നത് ദൈവം തന്നെ നമ്മെ അറിയിച്ചിരിക്കുന്നു.





ചിലർ പ്രകൃതി ശക്തികളേയും, കാറ്റിനേയും, മഴയേയും, ചന്ദ്രനെയും, സൂര്യനെയുമൊക്കെ ദൈവങ്ങളായി സങ്കൽപി ക്കുന്നു. അവയെല്ലാം ഏതോ നിയമത്തെ അനുസരിച്ചാണ് ചലിക്കുന്നത് എന്നു നമുക്ക് കാണാം. ആ നിയമദാതാവിനെ യല്ലെ നാം അനുസരിക്കേണ്ടതും ആരാധിക്കേണ്ടതും. മുപ്പ ത്തിമുക്കോടി ദൈവങ്ങളെപറ്റി പറയുന്നവർ തന്നെ പ്രപഞ്ച സ്രഷ്ടാവായ സാക്ഷാൽ ദൈവം ഉള്ളതായി സമ്മതിക്കുകയും ചെയ്യും. എന്നാൽ പിന്നെ സാക്ഷാൽ ദൈവത്തെയല്ലെ നാം ആരാധിക്കേണ്ടത്? പുതിയ പുതിയ ദൈവങ്ങളും അമ്പലങ്ങളും ഉണ്ടായിക്കൊണ്ടിരിക്കുന്നു. ഭക്ഷണം കഴിക്കുകയും, ഉറങ്ങു കയും, ജീവിച്ചിരിക്കുകയും ചെയ്യുന്ന ചില മനുഷ്യരെ ചിലർ ദൈവമായി കാണുന്നു. വിദ്യാഭ്യാസവും വിവേകവും ഉള്ള വർപോലും തങ്ങൾ ചെയ്യുന്ന വിഡ്ഢിത്തങ്ങൾ ആലോചി ക്കുന്നില്ല എന്നത് അത്ഭുതം തന്നെ. സാക്ഷാൽ ദൈവത്തി ൻെറ സ്ഥാനത്ത് വ്യാജ ദൈവങ്ങളെ അവരോധിക്കുന്നത് സാക്ഷാൽ ദൈവം എങ്ങിനെ പൊറുക്കും. എല്ലാതരം വ്യാജ ദൈവങ്ങളെയും സാങ്കൽപിക ദൈവങ്ങളെയും ഉപേക്ഷിച്ച് സാക്ഷാൽ ദൈവവുമായി മനുഷ്യൻ ആത്മബന്ധം സ്ഥാപി ക്കുമ്പോഴേ മനുഷ്യനു ശാന്തിയും സമാധാനവും ലഭിക്കൂ.

"അറിയുക, ദൈവസ്മരണകൊണ്ട് മനുഷ്യമനസ്സുകൾ ശാന്തമാവുന്നു". (ഖുർആൻ)

ക്രിസ്ത്യാനികൾ സാക്ഷാൽ ദൈവത്തെ ഉപേക്ഷിച്ച്, യേശു വിനെ ദൈവമായും ദൈവത്തിൻെറ മകനായും സങ്കൽപ്പിച്ച് ആരാധിക്കുന്നു. യേശു തന്നെ ആരാധിക്കാൻ പറഞ്ഞിട്ടില്ല. ബൈബിൾ ഏകദൈവ വിശ്വാസമാണ് പറയുന്നത്. ബൈബിൾ പറയുന്നു "ഞാൻ നിൻെറ ദൈവമാകുന്നു. ഞാനല്ലാതെ അന്യ ദൈവങ്ങൾ നിനക്കുണ്ടാകരുത്. ഒരു വിഗ്രഹവും നിനക്കായി ഉണ്ടാക്കരുത്. നീ അവയ്ക്കു മുമ്പിൽ തല കുനിക്കുകയോ അവയെ സേവിക്കുകയോ അരുത് " (പുറപ്പാട് 20:2-5)

ഏറ്റവും പ്രധാനപ്പെട്ട ദൈവകല്പന ഏതാണെന്ന ചോദ്യ ത്തിന് യേശു പറയുന്ന മറുപടി ശ്രദ്ധിക്കുക. (പരമ പ്രധാനമാ യത് ഇതാണ്) "അല്ലയോ ഇസ്രായേലരെ കേൾക്കൂ നമ്മുടെ ദൈവമായ കർത്താവാകുന്നു ഏക കർത്താവ്. നിൻെറ ദൈവ മായ കർത്താവിനെ പൂർണ്ണ ഹൃദയത്തോടും, പൂർണ്ണ

ആത്മാവോടും, പൂർണ മനസ്സോടും, പൂർണ്ണ ശക്തിയോടും കൂടെ സ്നേഹിക്കുക" (മാർക്കോസ് 12;29,30) പക്ഷെ, ക്രസ്ത്യാനികൾ യേശുവിനെ ദൈവമായും ദൈവപുത്രനായും സങ്കൽപ്പിക്കുന്നു. എന്നിട്ട് യേശുവിനോടു പ്രാർത്ഥിക്കുകയും യേശുവിനെ ആരാധിക്കുകയും ചെയ്യുന്നു.

മനുഷ്യരിലധികവും ദൈവവിശ്വാസികളാണ്. പലർക്കും ദൈവം വിശ്വസിക്കാനുള്ളതുമാത്രമാണ്. എന്നാൽ ഇസ്ലാമിക വിശ്വാസം അങ്ങിനെയല്ല. നാം എങ്ങിനെയെല്ലാം ജീവിക്കണം എങ്ങിനെ ജീവിച്ചുകൂടാ എന്നു വ്യക്തമായി ദൈവം മാനവകുലത്തെ കാലാകാലങ്ങളിൽ അറിയിച്ചിട്ടുണ്ട്. കിടപ്പറയിൽ എങ്ങിനെ പെരുമാറണമെന്നു തുടങ്ങി രാഷ്ട്രീയാന്തരീയകാര്യങ്ങൾ എങ്ങിനെ കൈകാര്യം ചെയ്യണമെന്നുവരെ ദൈവം മനുഷ്യരോട് ആജ്ഞാപിച്ചിട്ടുണ്ട്. ആ കൽപനകൾക്കനുസരിച്ച് ജീവിക്കാൻ ഓരോ മനുഷ്യനും ബാദ്ധ്യസ്ഥനാണ്. മനുഷ്യജീവിതത്തിൻെറ ഓരോ മേഖലയിലും അധീശാധികാരി ദൈവം മാത്രമാണ്. അവൻ മാത്രമായിരിക്കുകയും വേണം. ദൈവത്തിൻെറ ആജ്ഞകൾ അനുസരിച്ച് ജീവിക്കുക എന്നതാണ് ദൈവത്തിൻെറ സൃഷ്ടികളും ദാസൻമാരുമായ മനുഷ്യർക്കിവിടെ ചെയ്യാനുള്ളത്. മുസ്ലിം എന്നാൽ ദൈവത്തെ അനുസരിച്ച് ജീവിക്കുന്നവൻ എന്നാണർത്ഥം.

ദൈവം മനുഷ്യരെ സൃഷ്ടിച്ച ശേഷം സുഖമായി കിടന്നുറങ്ങുകയൊന്നുമല്ല, "അവനെ ഉറക്കമോ മറവിയോ ബാധിക്കുന്നതല്ല." (ഖുർ:2.255) അവൻ ഓരോ മനുഷ്യൻെറയും ചെയ്തികൾ വീക്ഷിച്ച്കൊണ്ടിരിക്കുന്നു. അവൻ ഓരോ മനുഷ്യൻെറയും പ്രവർത്തികളും വാക്കുകളും രേഖപ്പെടുത്തിവെക്കുകയും ചെയ്യുന്നുണ്ട് എന്നവൻ അറിയിച്ചിരിക്കുന്നു. വെറും ആരാധന ചടങ്ങുകൾകൊണ്ട് മാത്രം പുണ്യം നേടാനോ, ദൈവപ്രീതി നേടാനോ, പരലോകമോക്ഷം നേടാനോ സാദ്ധ്യമല്ലെന്നു ഇസ്ലാം പഠിപ്പിക്കുന്നു. മുസ്ലിംകൾ നിത്യവും അഞ്ചുപ്രാവശ്യം മക്കയിലെ കഅബാദേവാലയത്തെ അഭിമുഖീകരിച്ച് പ്രാർത്ഥിക്കണം. അതു നിർബന്ധമാണ്. എന്നാൽ അതിനെ പരാമർശിച്ചുകൊണ്ടു തന്നെ ദൈവം പറഞ്ഞു. "നിങ്ങൾ കിഴക്കോട്ടോ പടിഞ്ഞാറോട്ടോ തിരിയുന്നതിലല്ല പുണ്യം...." ദൈവം മനുഷ്യജീവിതത്തിൻെറ വ്യക്തിപരവും, കുടുംബപരവും, സാമൂ





ഹ്യപരവും, രാഷ്ട്രീയവും, സാമ്പത്തികവും മറ്റും മറ്റുമായ എല്ലാ ജീവിത തുറകളിലും ഖുർആനിലൂടെ (ദൈവവചനം)യും അതിൻെറ പ്രായോഗിക വ്യാഖ്യാനമായ മുഹമ്മദുനബിയുടെ ചര്യയിലൂടെയും മാർഗ്ഗദർശനം നൽകിയിട്ടുണ്ട്. അതനുസരിച്ച് ജീവിക്കലാണ് പുണ്യം. അല്ലാതെ കുറെ പണം ചിലവാക്കി പൂജാരിയെകൊണ്ട് പൂജ നടത്തിയാലോ, മറ്റുവല്ലതും വല്ലവരും ചെയ്താലോ ഒരാൾക്കും പുണ്യം നേടാൻ കഴിയുകയില്ല. ആരാധനക്കു പ്രാധാന്യമില്ല എന്നല്ല ഈ പറഞ്ഞതിനർത്ഥം. ആരാധനക്കു പ്രാധാന്യമുണ്ട്. ആരാധന ജീവസ്സുള്ളതാവണം. ആരാധന ആരാധനക്കുവേണ്ടിയുള്ള ഒരു ചടങ്ങായി അധഃപതിക്കരുത്. "എന്നെ സ്മരിക്കാൻവേണ്ടി പ്രാർത്ഥന യഥാവിധി നിലനിർത്തുക" എന്നാണ് അല്ലാഹു പറഞ്ഞത്. വ്രതാനുഷ്ഠാനത്തെക്കുറിച്ചു പറഞ്ഞപ്പോൾ "അതുവഴി' നിങ്ങൾ സുക്ഷ്മതയുള്ളവരാവാൻവേണ്ടി' എന്നാണ് പറഞ്ഞത്. ഒരു മുസ്ലിം പ്രഭാതത്തിന്നുമുമ്പും, ഉച്ചക്കും, വൈകുന്നേരവും, സന്ധ്യക്കും, രാത്രി സുമാർ 8 മണിക്കു ശേഷവും, നിർബ്ബന്ധമായും പ്രാർത്ഥിക്കണം. പ്രാർത്ഥിക്കേണ്ട രൂപം പ്രവാചകൻ കാണിച്ചുതന്നിട്ടുണ്ട്. അതിൽ പ്രാർത്ഥനകളും ഖുർആൻ പാരായണവും സാഷ്ടാംഗം നമസ്കരിക്കലും ഉൾപ്പെടുന്നു. പ്രാർത്ഥനകളിൽ ഖുർആൻ വചനങ്ങൾ പാരായണം ചെയ്യുമ്പോൾ ദൈവനിർദ്ദേശങ്ങൾ സ്മരിക്കപ്പെടുന്നു. "നിന്നെ മാത്രം ഞങ്ങൾ ആരാധിക്കുന്നു, നിന്നോടുമാത്രം ഞങ്ങൾ സഹായം അഭ്യർത്ഥിക്കുന്നു." എൻെറ പ്രാർത്ഥനയും ജീവിതവും മരണവും ത്യാഗവുമെല്ലാം നിനക്കാണ് എന്നെല്ലാം പ്രതിജ്ഞയെടുക്കുകയും ചെയ്യുന്നു. ദൈവിക മാർഗ്ഗദർശനത്തിനനുസരിച്ചു ജീവിക്കാൻ മനുഷ്യമനസ്സിനെ പാകപ്പെടുത്താൻ ഈ പ്രാർത്ഥന സഹായിക്കുന്നു.